കേരള സർക്കാർ
പൊതുഭരണ (മിസ്സലേനിയസ്) വകുപ്പ്

നം. 17407/എം3/2002/പൊ.ഭ.വ. തിരുവനന്തപുരം,
തീയതി: 1-6-2002.

**സർക്കുലർ**

വിഷയം:- വിവിധ സർക്കാർ വകുപ്പുകളിലെ വാഹനങ്ങളും മറ്റു യന്ത്രസാമഗ്രികളും ഉപയോഗശൂന്യമായി നശിയ്ക്കുന്ന പ്രവണത സംബന്ധിച്ച് -

സൂചന:- നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 578-ന് ബഹു: മുഖ്യമന്ത്രി നല്കിയ മറുപടി.

.....

13-3-2002-ൽ മുഖ്യമന്ത്രി പറയേണ്ടിയിരുന്ന 678-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന്, വിവിധ സർക്കാർ വകുപ്പുകളിലെ വാഹനങ്ങളും മറ്റു യന്ത്രസാമഗ്രികളും ഉപയോഗശൂന്യമായി നശിയ്ക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും നിയമ സാങ്കേതിക പ്രശ്നങ്ങളാണ് ഇതിനു കാരണമെങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിയ്ക്കുന്നതാണ് എന്നും മറുപടി നല്കുകയുണ്ടായി.

ആയതിനാൽ ഉപയോഗശൂന്യമായി നശിച്ചുകൊണ്ടിരിക്കുന്ന സർക്കാർ വാഹനങ്ങളും മറ്റു യന്ത്രസാമഗ്രികളും നിയമ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് സർക്കാരിനു വരുമാനമായി മാറ്റാനുള്ള നടപടി സ്വീകരിയ്ക്കണമെന്നു വകുപ്പ് അദ്ധ്യക്ഷൻമാരോടും നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളോടും അഭ്യർത്ഥിയ്ക്കുന്നു.

കെ.എസ്. പ്രേമചന്ദ്രക്കുറുപ്പ്,
അഡീഷണൽ സെക്രട്ടറി.

വകുപ്പ് അദ്ധ്യക്ഷൻമാർക്കും.

ഉത്തരവിൻ പ്രകാരം (ഒപ്പ്)
സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നമ്പർ: ഇഒ(2) 15059/2002 തീയതി: 8-8-2002.

പകർപ്പ്: ഫോറസ്റ്റ് കൺസർവേറ്റർ, മദ്ധ്യമേഖല, തൃശ്ശൂർ

ഉപയോഗ ശൂന്യമായ വാഹനങ്ങളും മറ്റ് യന്ത്ര സാമഗ്രികളും വില്പന നടത്തി സർക്കാരിന് വരുമാനമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഈ സർക്കിളിലെ ഡിവിഷനുകളിൽ നിന്നും ശേഖരിച്ച് അയച്ചുതരണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു (ഭരണം) വേണ്ടി